# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6031**     **19-11-2019-ൽ മറുപടിക്ക്**

### വിനോദസഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ. ബാബു<br>,, ഐ.ബി. സതീഷ്<br>,, ഒ. ആർ. കേളു | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ടൂറിസം കേന്ദ്രങ്ങളുടെ സ്വാഭാവിക പരിസ്ഥിതിയും ഭംഗിയും നശിപ്പിക്കുന്ന അശാസ്ത്രീയമായ രീതികൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ടൂറിസം കേന്ദ്രങ്ങളുടെ സ്വാഭാവിക പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധത്തിലാണ് വിനോദസഞ്ചാര വകുപ്പ് നിലവിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള ഗ്രീൻ കാർപ്പറ്റ് എന്ന കർമ്മ പദ്ധതിയിൽ ഒരു പ്രധാന അജണ്ടയായി ഹരിതതത്വം പ്രോത്സാഹിപ്പിക്കൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികളുടെ പ്രോത്സാഹനവും, വിപുലീകരണവുമാണ് ടൂറിസം വകുപ്പ് ആവിഷ്കരിച്ച് വരുന്നത്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനം ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. സർക്കാരിന്റെ 2017- ലെ ടൂറിസം നയം സുസ്ഥിര വികസനവും, ഹരിത പെരുമാറ്റച്ചട്ടവും ഊന്നൽ നൽകിയുള്ളതാണ്. ഉത്തരവാദിത്ത |

| | | | |
|---|---|---|---|
| | | | ടൂറിസം മിഷന്റെ പ്രവർത്തനവും, പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതിയിൽ അധിഷ്ഠിതമായുള്ളതാണ്. |
| (ബി) | വിനോദ സഞ്ചാരികൾക്ക് കേരളത്തിലെ ഗ്രാമീണ ജീവിതത്തിന്റെ സ്പന്ദനം, നൈസർഗികത, കല, ആചാരം,ഭക്ഷണം എന്നിവയെല്ലാം അനുഭവവേദ്യമാക്കാൻ സാധിക്കുംവിധം ഗ്രാമീണമേഖലയെ ടൂറിസത്തിന്റെ സുപ്രധാന ഭാഗമാക്കിയെടുക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ടൂറിസം വകുപ്പിന്റെ ഭാഗമായ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ പ്രധാനമായും ഗ്രാമീണ മേഖലയിലെ സാധാരണക്കാരായ ആളുകളെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്. അതിനായി അവർ ചെയ്തുകൊണ്ടിരിക്കുന്ന ഉപജീവന മാർഗത്തെ അധിക മുതൽമുടക്കില്ലാതെ എങ്ങനെ വിനോദ സഞ്ചാരികൾക്ക് അനുഭവ വേദ്യമായ ടൂർ പാക്കേജുകളാക്കി മാറ്റാം എന്ന് പരിശോധിച്ച ശേഷം ആവശ്യമായ പരിശീലനങ്ങൾ നൽകി എക്സ്പീരിയൻസ് ടൂർ പാക്കേജുകൾ തയ്യാറാക്കി വിവിധ മാധ്യമങ്ങളിലൂടെ മാർക്കറ്റ് ചെയ്യുന്നു. ഇത്തരത്തിലുള്ള 140 പാക്കേജുകൾ നിലവിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്. മിഷൻ നിലവിൽ വന്നു പ്രവർത്തനങ്ങൾ ആരംഭിച്ച 2017 ആഗസ്റ്റ് മാസം മുതൽ 2019 ഒക്ടോബർ 31 വരെ ആകെ 870 പാക്കേജുകൾ നടത്തിയപ്പോൾ 58000 വിദേശ ടൂറിസ്റ്റുകളും 26032 ആഭ്യന്തര ടൂറിസ്റ്റുകളും ഈ പാക്കേജുകളുടെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ എത്തി. |

| | | | |
|---|---|---|---|
| | | | അതുവഴി 2 കോടി രൂപയുടെ വരുമാനം തീർത്തും സാധാരണക്കാരായ പരമ്പരാഗത തൊഴിലാളികൾക്ക് ലഭിച്ചു. ഇവർ സ്വന്തം കൈത്തൊഴിലല്ലാതെ മറ്റൊന്നും ടൂറിസത്തിന് വേണ്ടി നിക്ഷേപം നടത്തിയിട്ടില്ല. അതോടൊപ്പം തന്നെ ടൂറിസം സംരംഭ കർക്കാവശ്യമായ ഉൽപ്പന്നങ്ങളും സേവന ങ്ങളും നല്കുന്നതിനുള്ള പരിശീലനങ്ങൾ തദ്ദേശീയരായ ജനങ്ങൾക്ക് നൽകി, അവരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചു തൊഴിലും വരുമാനവും ഉറപ്പു വരുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>താഴെ പറയുന്നവയെല്ലാം ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഇത്തരത്തിലുള്ള പദ്ധതികളിൽ ചിലതാണ്<br>• എക്സ് പീരിയൻസ് എത്തിക് ക്യുസീൻ<br>• എക്സ്പീരിയൻസ് ടൂർ പാക്കേജസ്<br>• നാട്ടിൻപുറങ്ങളിൽ ഓണമുണ്ണാം ഓണ സമ്മാനങ്ങൾ വാങ്ങാം<br>• ആർ.ടി. ആർട്ട് ആൻഡ് കൾച്ചറൽ ഫോറം<br>• കേരള ആർ.ടി. നെറ്റ് വർക്ക്<br>• ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി മുതലായവ |
| (സി) | പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും സാഹസിക ടൂറിസം പദ്ധതികൾക്ക് മുൻഗണന | (സി) | സാധ്യത വിലയിരുത്തി പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിന് വകുപ്പ് പരമാവധി ശ്രദ്ധ നൽകി വരുന്നു. പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള |

| | | | |
|---|---|---|---|
| | നൽകി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | പദ്ധതികൾ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള പദ്ധതി രൂപരേഖ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ പരിശോധനകൾ നടത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് വകുപ്പ് നടപടി എടുത്തു വരുന്നു. കൊല്ലം ജില്ലയിലെ ജടായു എർത്ത് സെന്റർ പദ്ധതി ഇതിൽപ്പെട്ട ഒന്നാണ്. സാഹസിക ടൂറിസം വിപുലീകരിക്കുന്നതിന് വകുപ്പ് ഉയർന്ന പരിഗണന നൽകി വരുന്നു.<br><br>സാഹസിക ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മനസ്സിലാക്കി പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് കേരളത്തെ ഒരു സുസ്ഥിര സാഹസിക വിനോദ സഞ്ചാര മേഖലയായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്.<br><br>സാഹസിക വിനോദ സഞ്ചാരത്തിന് അനുയോജ്യമായ കേരളത്തിലെ ഭൂപ്രകൃതിയെ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന സ്ഥലങ്ങളിൽ ആക്ടിവിറ്റികൾ തുടങ്ങുന്നതിനാവശ്യമായ ഫീസിബിലിറ്റി സ്റ്റഡി നടത്തി അനുകൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.<br><br>1) മൂന്നാർ -പാരാഗ്ലൈഡിംഗ്<br>2) അതിരപ്പള്ളി - റിവർ റാഫ്റ്റിംഗ്<br>3) ശാസ്താം പാറ -ടെന്റ് കാമ്പിംഗ് |

| | | | |
|---|---|---|---|
| | | | 4) നെയ്യാർ ഡാം - സൈക്ലിംഗ്<br>മേൽപ്പറഞ്ഞ ആക്ടിവിറ്റികൾ നടത്താൻ പൊതു-സ്വകാര്യ പങ്കാളിത്തത്തോട്ടുകൂടിയുള്ള സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി അതിന്റെ ഗുണനിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്നുള്ളതാണ് ഈ സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള പ്രധാന ഉദ്ദേശ ലക്ഷ്യം .<br>കേരളം സാഹസിക മത്സരങ്ങൾക്ക് അനുയോജ്യമാണെന്ന് ലോകത്തെ മനസ്സിലാക്കിക്കുക എന്ന ലക്ഷ്യത്തോടെ പൊതു സ്വകാര്യ പങ്കാളിത്തത്തോട്ടുകൂടിയുള്ള സ്ഥാപനങ്ങൾ, ടെക്നിക്കൽ അഡ്വൈസേർസ് എന്നിവരുമായി സഹകരിച്ച് സാഹസിക മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെപറയുന്നു.<br>1. മലബാർ റിവർ ഫെസ്റ്റിവൽ<br>2. ചാലിയാർ ചലഞ്ച്<br>3. ആംഗ്ലിംഗ് മത്സരം<br>4. ഇക്കോ റൺ<br>5. MTB KERALA<br>ഈ വർഷം ഡിസംബറിൽ നടക്കുന്ന MTB KERALA 2019 സൈക്ലിംഗ് മത്സരം അന്തർദേശീയ സംഘടനയായ UCI യുടെ ഭാഗമായി മാറിക്കഴിഞ്ഞു. MTB വിഭാഗത്തിൽ ഇന്ത്യയിൽ നിന്ന് ആദ്യമായാണ് ഒരു മത്സരം UCI ഭാഗമാകുന്നത് എന്നത് നമുക്ക് അഭിമാനിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ കേരളത്തിലെ സാഹസിക ടൂറിസം മാർക്കറ്റ് ചെയ്യുന്നതിന്റെ ഭാഗമായി കേരളത്തിലെ വിവിധ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് കേരള ട്രാവൽ മാർട്ട് 2018, ATOAI കൺവെൻഷൻ അറക്കുവാലി തുടങ്ങിയ ട്രാവൽ എക്സിബിഷനുകളിൽ പങ്കെടുക്കുകയുണ്ടായി.<br>സ്ഥലം ലഭിക്കുന്ന മുറക്ക് കേരളത്തിലെ 14 ജില്ലകളിലും പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി അഡ്വഞ്ചർ പാർക്ക് സ്ഥാപിക്കുക എന്നതാണ് സർക്കാരിന്റെ നയം. തിരുവനന്തപുരം ജില്ലയിലെ വേളിയിലും മലപ്പുറം ജില്ലയിലെ കോട്ടപ്പുറത്തും അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ